(ബി) 2001-നുശേഷം ഈ പദ്ധതിയിൽ വനിതാ വ്യവസായികൾക്ക് ധനസഹായം നൽകിയിട്ടില്ല.

(സി) സ്ത്രീകൾക്ക് മാത്രമായി വിപണന സൗകര്യങ്ങൾക്കുള്ള പദ്ധതികളൊന്നും നിലവിലില്ല. വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് വിപണനത്തിനുള്ള പ്രോൽസാഹനമായി സാമ്പത്തിക സഹായം സബ്സിഡിയായും മാർജിൻ മണിയായും നൽകുന്നു.

വ്യവസായ നിക്ഷേപം

41 [2178] ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. കാർത്തികേയൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2001-ൽ അധികാരത്തിൽ വന്ന യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് എന്തു തുകയ്ക്കുള്ള വ്യവസായനിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ഇതുവരെ എന്തു തുകയ്ക്കുള്ള വ്യവസായ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായി;

(സി) അതിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് എത്രയെന്ന് പറയുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായരംഗത്ത് സ്വകാര്യമേഖലയിൽ 3750 കോടി രൂപയുടെ നിക്ഷേപമാണ് പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ടിരുന്നത്. ആഗോള നിക്ഷേപക സമ്മേളനത്തിൽ 26,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളുണ്ടായി. കിൻഫ്രയുടെ വിവിധ പാർക്കുകളിലായി ഏകദേശം 1,05,150 ലക്ഷം രൂപയുടെ നിക്ഷേപം ആകർഷിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നു.

(ബി) ചെറുകിട വ്യവസായ മേഖലയിൽ 75.890 ലക്ഷം രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായി. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ ഏകദേശം 367.51 കോടി രൂപയുടെ നിക്ഷേപവും കിൻഫ്രയുടെ വ്യവസായ പാർക്കുകളിലെല്ലാം കൂടി ഏകദേശം 16,555 ലക്ഷം രൂപയുടെ നിക്ഷേപവും ഉണ്ടായി.

(സി) കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ ആരംഭിച്ച പദ്ധതികളിലെ വിദേശ നിക്ഷേപം ഏകദേശം 46.42 കോടി രൂപയും കിൻഫ്രയുടെ കാക്കനാടുള്ള ഏക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 350 ലക്ഷം രൂപയുടെയും വിദേശനിക്ഷേപം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly